**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2796 — 14.12.2015 ലെ മറുപടിക്ക്

ഏഴരക്കുന്ന് കോളനി-സ്വയംപര്യാപ്ത ഗ്രാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.രാധാകൃഷ്ണൻ എം.എൽ.എ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | ചേലക്കര മണ്ഡലത്തിലെ ചേലക്കര പഞ്ചായത്തിൽപ്പെട്ട ഏഴരക്കുന്ന് കോളനി 2013-14 വർഷം സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമങ്ങളുടെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഇതേ വരെ നടപടികൾ ആരംഭിച്ചിട്ടില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഏഴരക്കുന്ന് കോളനിയിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിനെയാണ് നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിരിക്കുന്നത്. ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി യിരുന്നുവെങ്കിലും എസ്റ്റിമേറ്റിലെ എൽ.ഇ.ഡി തെരുവു വിളക്കുകൾ സ്ഥാപിക്കൽ, വീടുകളുടെ വൈദ്യുതീകരണം, വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം ചെയ്യൽ, ചെറുകിട സംരംഭം ആരംഭിക്കുന്നതിനുള്ള ധനസഹായം എന്നിവയുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നില്ല. കൂടാതെ ഭവന പുനരുദ്ധാരണത്തിന് 8,85,000/- രൂപ വകയിരുത്തിയിരുന്നു. എന്നാൽ ആയത് നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിക്ക് നീക്കി വച്ച തുക ഉപയോഗിച്ച് മറ്റെന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി പിന്നീട് സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ | (സി) & (ഡി) | ഗുണഭോക്താക്കളുടെ ലിസ്റ്റ് ഉടനെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണത്തിന് നീക്കി വച്ചിരുന്ന തുക കോളനിയിൽ മറ്റെന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതി നിർവ്വഹണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ